# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*41      10.03.2015 ൽ മറുപടിക്ക്

**ട്രെയിനപകടങ്ങൾ സംബന്ധിച്ച കമ്മീഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ :<br>ശ്രീ.പി.കെ.ഗുരുദാസൻ :<br>,, കെ.സുരേഷ് കുറുപ്പ് :<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രെയിനപകടങ്ങൾ സംഭവിക്കുമ്പോൾ നിയോഗിക്കപ്പെടുന്ന കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാത്തതും സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതും അപകടങ്ങൾ തുടരുന്നതിന് കാരണമാകുന്നതായ ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ട്രെയിനപകടങ്ങൾ സംഭവിക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ റെയിൽവേ സേഫ്റ്റി കമ്മീഷണറാണ്. റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ ശുപാർശകൾ റെയിൽവേ മന്ത്രാലയത്തിന്റെ അനുമതിയോടെ നിയമ പരമായി തന്നെ നടപ്പാക്കാൻ ബാധ്യസ്ഥമാണ് ഇക്കാര്യത്തിൽ എല്ലാ ശുപാർശകളും നടപ്പിൽ വരുത്തിയിട്ടുണ്ട്. കേരളത്തിൽ റെയിൽവേ സേഫ്റ്റി കമ്മീഷണറുടെ അന്വേഷണം വേണ്ടി വരുന്ന അപകടങ്ങൾ വളരെ കുറവാണ്. |
| (ബി) | സംസ്ഥാനത്ത് നടന്ന ട്രെയിനപകടങ്ങളിൽ അന്വേഷണം നടത്തിയ കമ്മീഷനുകളുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | കാവലില്ലാത്ത ലെവൽ ക്രോസ്സ് അപകടങ്ങൾ ഒഴിവാക്കാൻ കാവലില്ലാത്ത ലെവൽ ക്രോസ്സുകൾ ഇല്ലാതാകുക എന്നുള്ളതാണ് കഴിഞ്ഞ 10 വർഷത്തിനിടയിലെ പ്രധാന ശുപാർശ. ഇത്തരത്തിൽ കേരളത്തിലെ ആളില്ലാ ലെവൽ ക്രോസ്സുകളുടെ എണ്ണം കുറച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടാത്തത് വീണ്ടും അപകടങ്ങൾക്ക് കാരണമായതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | സി.ആർ.എസ്സിന്റെ കണ്ടെത്തലുകളും ശുപാർശകളും സമയബന്ധിതമായിത്തന്നെ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ